# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ബിരുദം നേടാൻ ഒരു വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന പരമാവധി സമയപരിധി ഏകീകരിക്കുന്നത് അക്കാദമിക് കൗൺസിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

## അക്കാദമിക് എ9 സെക്ഷൻ

സ.ഉ.നം.3577/Ac.AIX /3/ UGC Time Span/187-2015 തീയതി, പി.ഡി. ഹിൽസ്, 15/06/2017

പരാമർശം:- 1) യു.ജി.സി. സെക്രട്ടറിയുടെ 15/10/2015 തീയതിയിലെ D.O.F.12-1/2015(CP II) നമ്പർ കത്ത്.

2) 18/06/2016 ൽ കൂടിയ അക്കാദമിക് കൗൺസിന്റെ 57/AC.15/16119 നമ്പർ മിനിട്സ്

3) 24/11/2016 - ൽ കൂടിയ അക്കാദമിക് കൗൺസിന്റെ 76/AC/15/16309 നമ്പർ മിനിട്സ്.

4) 06/05/2017 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 63/ Ac 17/17124

## ഉത്തരവ്

പരാമർശം 1) പ്രകാരം യു.ജി.സി. സെക്രട്ടറി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർവ്വകലാശാലയ്ക്ക് അയച്ചു തന്നിരുന്നു.

1) സാധാരണയായി ഒരു വിദ്യാർത്ഥി തന്റെ കോഴ്സ് പൂർത്തിയാക്കേണ്ടത് യൂണിവേഴ്സിറ്റി അനുവദിക്കപ്പെടുന്ന സമയപരിധിക്കുള്ളിൽ വെച്ചാണ്.
2) ഒരു വിദ്യാർത്ഥിക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന സമയപരിധിക്കുള്ളിൽ വെച്ച് കോഴ്സ് പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ രണ്ടു വർഷം കൂടി കൂടുതലായി അനുവദിക്കാവുന്നതാണ്.
3) ചില പ്രത്യേക സാഹചര്യങ്ങളിലും, യോഗ്യതയുടെ അടിസ്ഥാനത്തിലും ഒരു വർഷം കൂടി കൂടുതലായി അനുവദിക്കാവുന്നതാണ്. എന്നാൽ ഈ പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കേണ്ടത് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി സമിതിയാണ്.
4) അധികമായി അനുവദിക്കപ്പെട്ട വർഷത്തിൽ പ്രൈവറ്റ് വിദ്യാർത്ഥിയായി പരിഗണിക്കപ്പെടുകയും, റാങ്കിംഗിന് അർഹത ഉണ്ടായിരിക്കുന്നതുമല്ല.

17/12/2015 -ലെ ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, പ്രസ്തുത വിഷയം 18/6/2016 ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. അക്കാദമിക് കൗൺസിൽ പരാമർശം (2) പ്രകാരം ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്തു. 22/08/2016 ൽ ചേർന്ന സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം, ഈ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(മറുപുറം)

26/9/2016- ലെ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, ഈ വിഷയം വീണ്ടും അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. 24/11/2016 ന് ചേർന്ന അക്കാദമിക് കൗൺസിലിന്റെ യോഗത്തിൽ, യു.ജി.സി. യുടെ നിർദ്ദേശമനുസരിച്ച്, ബിരുദം നേടാൻ ഒരു വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന സമയ പരിധി ഏകീകരിക്കുവാനുള്ള 22/8/2016 ൽ ചേർന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു. എന്നാൽ പ്രസ്തുത തീരുമാനത്തിൽ ഏത് അക്കാദമിക് വർഷം മുതലാണ് ഇവ നടപ്പാക്കേണ്ടത് എന്ന് പരാമർശിച്ചിട്ടില്ല. അതിനാൽ 4/2/2017-ലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി പുനർ സമർപ്പിച്ചിരുന്നു.

പരാമർശം (4) പ്രകാരം 06.05.2017 ൽ നടന്ന അക്കാദമിക് കൗൺസിൽ യോഗം യു.ജി.സി. യുടെ നിർദ്ദേശമനുസരിച്ച് ബിരുദം നേടാൻ ഒരു വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന സമയപരിധി 2017 അക്കാദമിക് വർഷം മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

ഒപ്പ്
സതീഷ് ചന്ദ്രൻ നായർ.പി.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വി.സി.യുടെ പി.എസ്.
2. പി.വി.സി.യുടെ പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളറുടെ പി.എ.
4. ജെ.ആർ./ഡി.ആർ./എ.ആർ (അക്കാദമിക്)
5. ജെ.ആർ./ഡി.ആർ./എ.ആർ (പരീക്ഷാവിഭാഗം)
6. എല്ലാ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാർ
7. എ.സി.സി.
8. കണ്ടന്റ് മാനേജ്മെന്റ് /ഐ.ക്യു.എ.സി.
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac.AIX /3 /UGC - Time Span/187-2015

17 copy